**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1384** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ക്ഷീര മേഖലയിലെ വിവിധ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** ക്ഷീരോൽപ്പാദന മേഖലയിൽ മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും ഇതിലൂടെ കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കാമോ?

**<u>മറുപടി:</u>**

- ക്ഷീരവികസന വകുപ്പിന്റെ വെബ് പോർട്ടൽ ആയ **"ക്ഷീരശ്രീ" പോർട്ടലിന്** സംസ്ഥാന സർക്കാരിന്റേയും ഭാരത സർക്കാരിന്റേയും ഇ-ഗവേർണേൻസ് അവാർസ് ലഭിച്ചു.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 154 കോടി രൂപയുടേയും 2022-23 സാമ്പത്തിക വർഷം 143 കോടി രൂപയുടേയും, 2023-24 സാമ്പത്തിക വർഷം 159 കോടി രൂപയുടേയും, 2024-25 സാമ്പത്തിക വർഷം 148 കോടി രൂപയുടേയും, 2025-26 സാമ്പത്തിക വർഷം 119 കോടി രൂപയുടേയും ക്ഷീരവികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ഏകദേശം 95 ശതമാനം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ സഹകരണം ക്ഷീരവികസന പദ്ധതികൾക്കായി ലഭിച്ചു.
- **അതിദരിദ്ര കുടുംബങ്ങൾക്ക് ഒരു പശുവിനെ നൽകുന്നതിനായുള്ള പദ്ധതി:** കുടുംബങ്ങൾക്ക് അതിദാരിദ്ര നിർമ്മാർജ്ജനത്തിന്റെ ഭാഗമായി അതിദാരിദ്ര ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 269 കുടുബങ്ങളിലുള്ളവർക്ക് 90% ധനസഹായത്തോടെ ആകെ 2.56 കോടി രൂപ അനുവദിക്കുകയുണ്ടായി.
- ക്ഷീരകർഷരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി 2026 ജൂൺ ഒന്നു മുതൽ പാൽ വില ചാർട്ട് നവീകരിച്ചു. പാൽ വില്പന വില പ്രതിലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ ആയതിന്റെ 83.75%, അതായത് 3.35 രൂപ കർഷകർക്ക് പാൽ വിലയായി ലഭിക്കുന്ന രീതിയിൽ പാൽ വില ചാർട്ട് ശാസ്ത്രീയമായി നവീകരിച്ചു.
- **"ക്ഷീരസാന്ത്വനം" സമഗ്ര ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി** : ഇന്ത്യയിൽ ക്ഷീരകർഷകരേയും അവരുടെ കുടുംബാംഗങ്ങളേയും കന്നുകാലികളേയും ഉൾപ്പെടുത്തി മെഡിക്കൽ പരിരക്ഷ വരെ ഉറപ്പാക്കിക്കൊണ്ട് "ക്ഷീരസാന്ത്വനം" എന്ന സമഗ്ര ഇൻഷ്വറൻസ് പരിരക്ഷാ പദ്ധതി 2021-22 വർഷത്തെ വാർഷിക വിഹിതം പ്രയോജനപ്പെടുത്തി 2022-23 വർഷം നടപ്പിലാക്കി. 15,495 ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചു. 5 കോടി രൂപ ഈ പദ്ധതിയ്ക്കായി വിനിയോഗിച്ചു കഴിഞ്ഞു. 2023-24 സാമ്പത്തിക വർഷം ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ ആഭിമുഖ്യത്തിലാണ് ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കുന്നത്.

ആയതിലേയ്ക്കായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപ വകയിരുത്തിട്ടുള്ളതിൽ 26.5 ലക്ഷം രൂപ പദ്ധതിയ്ക്കായി വിനിയോഗിച്ചു. 2024-25 സാമ്പത്തിക വർഷം 1.5 കോടി രൂപയും 2025-26 സാമ്പത്തിക വർഷം 2 കോടി രൂപയും ചെലവഴിച്ചു.

- **തീറ്റപ്പുൽ വികസന പദ്ധതി :** തീറ്റപ്പുൽവികസനത്തിന്റെ നോഡൽ ഏജൻസിയാണ് ക്ഷീരവികസന വകുപ്പ്. തീറ്റപ്പുൽകൃഷി വ്യാപിപ്പിച്ചതിലൂടെ ഏകദേശം 15.06 ലക്ഷം മെട്രിക് ടൺ ഫോഡർ അധികമായി ഉൽപ്പാദനം സാധ്യമായിട്ടുണ്ട്.
- **തരിശുഭൂമിയിൽ പുൽകൃഷി പദ്ധതി :** തരിശുഭൂമിയിൽ പുൽകൃഷി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021-22, 2022-23, 2023-24, 2024-25, 2025-26 എന്നീ വർഷങ്ങളിലായി 287 ഹെക്ടർ തരിശു ഭൂമിയിൽ 2.7 കോടി രൂപ സർക്കാർ ധനസഹായത്തോട് കൂടി തീറ്റപ്പുൽകൃഷി പദ്ധതി നടപ്പിലാക്കി.
- **കിടാരി പാർക്ക് :** പുതിയ തലമുറയിലുള്ള ഉരുക്കളെ സംസ്ഥാനത്ത് തന്നെ വളർത്തി എടുക്കുക എന്ന ലക്ഷ്യത്തോട് കൂടി 2022-23 വർഷം കിടാരി പാർക്ക് പദ്ധതിയ്ക്ക് (50 കിടാരികൾ വീതമുള്ള പാർക്കുകൾ) തുടക്കമിട്ടു. ടി പദ്ധതിയ്ക്ക് 15 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. ഇതിൽ 9 ലക്ഷം രൂപ ആദ്യവർഷവും 6 ലക്ഷം രൂപ പദ്ധതി പൂർത്തികരിക്കുന്ന മുറയ്ക്ക് രണ്ടാം വർഷവും അനുവദിച്ചു നൽകുന്നതാണ്. 2022-23 സാമ്പത്തിക വർഷം 11 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിന് 99 ലക്ഷം രൂപയും, 2023-24 സാമ്പത്തിക വർഷം 6 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിന് 54 ലക്ഷം രൂപയും, 2025-26 സാമ്പത്തിക വർഷം 5 കിടാരി പാർക്കുകൾ സ്ഥാപിക്കുന്നതിന് 45 ലക്ഷം രൂപയും ചെലവഴിച്ചു.
- **ക്ഷീരഗ്രാമം പദ്ധതി:** സ്വയം പര്യാപ്ത ക്ഷീരകേരളം എന്ന ആത്യന്തിക ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനൊപ്പം ക്ഷീരകർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം കൂടെ ലക്ഷ്യം വച്ച് കൊണ്ട് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അത്തരം പദ്ധതികളിൽ ഏറ്റവും പ്രധാനപ്പെട്ട സംയോജിത ക്ഷീരവികസന പദ്ധതിയാണ് ക്ഷീരഗ്രാമം പദ്ധതി. 2021-22 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ 134 പഞ്ചായത്തുകളിൽ 20 കോടി രൂപയോളം ചെലവഴിച്ച് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
- **കാലിത്തീറ്റ ബില്ല്** കേരളത്തിൽ ഉല്പാദിക്കുന്നതും വില്പന നടത്തുന്നതുമായ കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുക, വില നിയന്ത്രണം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടു കൂടെ സർക്കാർ ഒരു **കാലിത്തീറ്റ ബില്ല്** പാസ്സാക്കുകയും ആയത് നിയമം ആക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.
- കുട്ടനാട്ടിലെ പ്രളയ ദുരിതത്തിൽ നിന്നും ഈ മേഖലയ്ക്ക് ഒരു ശാശ്വത പരിഹാരമായി ചെമ്പുംപുറം, ചമ്പക്കുളം എന്നീ 2 ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് **"എലിവേറ്റഡ് & കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ്"** പദ്ധതി നടപ്പിലാക്കി. ചമ്പക്കുളം പദ്ധതി ഈ വർഷം പൂർത്തിക്കരിക്കും.
- **ക്ഷീരലയം :** തോട്ടം മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി 1 ക്ഷീരലയം പദ്ധതി 2023-24 വർഷം വകുപ്പ് ഇടുക്കി ജില്ലയിലെ മൂന്നാർ കണ്ണൻ ദേവൻ കമ്പനിയുടെ ലയത്തിൽ നടപ്പിലാക്കി. കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡിൽ 10 പശുക്കളെ ലയത്തിലുള്ള 10 പേർ ചേർന്ന് വളർത്തുന്ന പദ്ധതിയാണ് ക്ഷീരലയം പദ്ധതി. ആകെ പദ്ധതി ചെലവിന്റെ 80 ശതമാനം തുക (11 ലക്ഷം രൂപ) ധനസഹായമായി അനുവദിക്കുകയും ചെയ്തു.
- **ക്ഷീരതീരം പദ്ധതി :** കയർ / മത്സ്യ മേഖലയിലെ തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അതിലൂടെ അവരുടെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിനുമായി 35 ഗുണഭോക്താക്കൾക്ക് ക്ഷീരതീരം പദ്ധതിയുടെ ധനസഹായം 2023-24 വർഷം

അനുവദിക്കുകയുണ്ടായി. 2 പശുക്കൾ അടങ്ങുന്ന പദ്ധതിയുടെ നടത്തിപ്പിനായി 60 ശതമാനം (1.29ലക്ഷം രൂപ) ധനസഹായമാണ് അനുവദിക്കുന്നത്. നാളിതുവരെ 304 ഗുണഭോക്താക്കൾക്കായി 392 ലക്ഷം രൂപ ധനസഹായമായി നൽകി.

- **പലിശരഹിത വായ്പാ പദ്ധതി :** ക്ഷീരകർഷകർക്ക് അവരുടെ ഫാം ആധുനികവത്കരണത്തിനും നവീകരണത്തിനുമായി ബാങ്ക് ലോൺ എടുത്ത തുകയ്ക്ക് പൂർണ്ണമായും പലിശ ധനസഹായമായി നൽകുന്ന പദ്ധതിയാണ് പലിശ രഹിത വായ്പ പദ്ധതി. 5 പശുക്കൾക്ക് മുകളിലുള്ള യൂണിറ്റിനായി ബാങ്ക് വായപ എടുത്തവർക്കാണ് പദ്ധതിയിലൂടെ ധനസഹായം ലഭിക്കുന്നത്. പ്രതിവർഷം പരമാവധി 3 ലക്ഷം രൂപ വരെ പലിശയിനത്തിൽ ധനസഹായം അനുവദിക്കുന്നുണ്ട്. 5 വർഷ കാലയളവിലേയ്ക്കാണ് പദ്ധതിക്കായി ധനസഹായം അനുവദിക്കുന്നത്. 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷത്തിലായി ആകെ 56 പേർക്ക് ഈ പദ്ധതിയിലൂടെ 86 ലക്ഷം രൂപ ധനസഹായം അനുവദിക്കുകയുണ്ടായി.

**സെക്ഷൻ ഓഫീസർ**